(36) കൊച്ചിൻ ബാങ്കിലെ നിക്ഷേപകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. വി. കെ. രാജൻ : സർ, കേരളത്തിലുടനീളവും കേരളത്തിനു പുറത്തുള്ള നഗരങ്ങളിലുമായി 108 ശാഖകളോടുകൂടി ആയിരക്കണക്കിന് ജീവനക്കാരുമായി പ്രവർത്തിച്ചിരുന്ന കൊച്ചിൻ ബാങ്കിൽ മാസങ്ങൾക്കുമുമ്പ് റിസർവ്വ് ബാങ്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ചെറുകിട തൊഴിലാളികളും കർഷകരും സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്നവരും പ്രത്യേസ്ഥാപനങ്ങളുൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങളും അവരുടെ നിക്ഷേപങ്ങളും ഈ ബാങ്കിലാണ് നിക്ഷേപിച്ചിരിക്കുന്നത്. കൊച്ചിൻ ബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായി ലയിപ്പിക്കുമെന്നു പറഞ്ഞുവെങ്കിലും മാസം മൂന്നു കഴിഞ്ഞിട്ടും യാതൊരു വിവരവും നിക്ഷേപകർക്കോ ജീവനക്കാർക്കോ ലഭിച്ചിട്ടില്ല. ബാങ്കിൽ നിക്ഷേപിച്ച പണത്തിൽ 70 ശതമാനമേ നിക്ഷേപകർക്ക് തിരിച്ചു നൽകുകയുള്ളു എന്ന സംഭ്രമജനകമായ വാർത്തയും പരന്നിട്ടുണ്ട്. റിസർവ്വ് ബാങ്ക് പ്രതിനിധിയും കൊച്ചിൻ ബാങ്കിന്റെ ഡയറക്ടർ ബോർഡിലുണ്ടായിരുന്നു. അദ്ദേഹം ഉൾക്കൊണ്ട ഡയറക്ടർ ബോർഡ് അഴിമതി കാണിച്ചു എന്ന കാരണത്താലാണ് മോറട്ടോറിയം പ്രഖ്യാപിച്ചത്. അല്ലാതെ ഇതൊന്നും അറിയാത്ത ചില്ലിക്കാശുകൾ നിക്ഷേപിച്ച പാവപ്പെട്ട നിക്ഷേപകരല്ല ഇതിനുത്തരവാദികൾ. ഈ കാര്യത്തിൽ റിസർവ് ബാങ്കിന്റെ നിലപാട് ഇനിയും വ്യക്തമാക്കിയിട്ടില്ല. നിക്ഷേപകർക്ക് എപ്പോൾ പണം തിരിച്ചു കിട്ടും ? ജീവനക്കാരുടെ സ്ഥിതി എന്താണ് ? കുറ്റക്കാരായവരെ രക്ഷിക്കാൻ ശക്തരായവർ രംഗത്തുണ്ട്. അവർ രക്ഷപ്പെടും. നിക്ഷേപകർക്കും ജീവനക്കാർക്കും പരിരക്ഷ കിട്ടുവാൻ മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ സാദ്ധ്യത കുറവാണ്. ഗവൺമെന്റ് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബാങ്കിംഗിനെ സംബന്ധിച്ച് നിയമസഭയിൽ ചർച്ച ആകരുതെന്നാണ് ഭരണഘടനാവ്യവസ്ഥയെങ്കിലും അങ്ങ് ഇത് ഉന്നയിക്കാൻ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണഘടനാപരമായ ബാധ്യത വ്യത്യസ്തമാണെങ്കിൽപോലും ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനുവേണ്ടി പറയുകയാണ്.

മി. സ്പീക്കർ : പൊതുതാൽപ്പര്യമുള്ള കാര്യമാണ്. പറയാവുന്നതാണെങ്കിൽ പറയാവുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : കൊച്ചിൻബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കാനുള്ള തീരുമാനമെടുത്തത് പത്രത്തിൽകൂടി ബഹുമാനപ്പെട്ട മെമ്പർ വായിച്ചിരിക്കും. ഞാൻ ഇന്നലെ ധനകാര്യമന്ത്രിയുമായി ഇതുസംബന്ധിച്ച് സംസാരിച്ചപ്പോൾ ഒരു മാസത്തിനകം അതിന്റെ മറ്റു നടപടികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഏതായാലുംശരി നിക്ഷേപകരെ സംബന്ധിച്ചിടത്തോളം ഒരിക്കലും അവർക്ക് ഒരു ദോഷവും ബാധിക്കാത്ത രീതിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യമന്ത്രിയെകണ്ട് നിവേദനം നടത്തിയപ്പോൾ അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതാണ്.

(37) കരിന്തിരി കോസ്വേയുടെ അപകടാവസ്ഥ

ശ്രീ. കെ. കെ. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പി. ഡി. റോഡിൽ പെരിയാർ നദിക്ക് കുറുകെയുള്ള കരിന്തിരി കോസ്വേ ഇന്ന് അപകടസ്ഥിതിയിലാണ്. മുല്ലപ്പെരിയാർ ജലസംഭരണിയിൽ ജല നിരപ്പ് കുറച്ചിരിക്കുന്നതുകാരണം എല്ലാ വർഷങ്ങളിലും വെള്ളപ്പൊക്കമുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly